REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 10-06-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- നരേന്ദ്രമോദി തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. 30 കാബിനറ്റ് മന്ത്രിമാരും, സ്വതന്ത്ര ചുമതല വഹിക്കുന്ന അഞ്ച് സഹമന്ത്രിമാരും, 36 സഹമന്ത്രിമാരും മന്ത്രിസഭയിൽ. സുരേഷ് ഗോപിയും ജോർജ് കുര്യനും സഹമന്ത്രിമാർ. രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു.
- നിയമസഭ സമ്മേളനം ഇന്ന് ആരംഭിക്കും.
- ജമ്മു കശ്മീരിലെ റിയാസി ജില്ലയിൽ ഭീകരാക്രമണത്തെ തുടർന്ന് ബസ് തോട്ടിലേക്ക് മറിഞ്ഞ് ഒമ്പത് തീർത്ഥാടകർ മരിച്ചു.
- സംസ്ഥാനത്ത് ട്രോളിങ് നിരോധനം നിലവിൽ വന്നു.
- സംസ്ഥാനത്ത് നിന്ന് ഹജ്ജ് തീർത്ഥാടകരുടെ യാത്ര പൂർത്തിയായി.
- ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെ ഇന്ത്യ ആറ് റൺസിന് പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

**നരേന്ദ്ര മോദി തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇന്നലെ വൈകിട്ട് രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു പ്രധാനമന്ത്രിയ്ക്കും, മന്ത്രിമാർക്കും സത്യവാചകം ചൊല്ലിക്കൊടുത്തു. 30 ക്യാബിനറ്റ് മന്ത്രിമാരും, സ്വതന്ത്ര ചുമതല വഹിക്കുന്ന അഞ്ച് സഹമന്ത്രിമാരും, 36**

സഹമന്ത്രിമാരുമാണ് സത്യപ്രതിജ്ഞ ചെയ്തത്. കേരളത്തിൽ നിന്ന് സുരേഷ് ഗോപിയും, ജോർജ് കുര്യനും സഹമന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്).........

മുതിർന്ന ബിജെപി നേതാക്കളായ രാജ്നാഥ് സിംഗ്, അമിത് ഷാ, നിതിൻ ഗഡ്കരി, ഡോ എസ് ജയശങ്കർ, പിയൂഷ് ഗോയൽ, ധർമേന്ദ്ര പ്രധാൻ, നിർമല സീതാരാമൻ, ജെ പി നദ്ദ എന്നിവർ ക്യാബിനറ്റ് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു. കിരൺ റിജിജു, പ്രഹ്ലാദ് ജോഷി, ഗിരിരാജ് സിംഗ്, അശ്വിനി വൈഷ്ണവ്, ജ്യോതിരാദിത്യ സിന്ധ്യ, ഭൂപേന്ദർ യാദവ്, ഗജേന്ദ്ര സിംഗ് ഷെഖാവത്, അന്നപൂർണാ ദേവി, ഹർദീപ് സിംഗ് പുരി, ഡോ. മൻസുഖ് മാണ്ഡവ്യ, ജി കിഷൻ റെഡ്ഡി, സി ആർ പാട്ടീൽ, ഡോ വീരേന്ദ്ര കുമാർ, ജുവൽ ഒ, മുൻ മുഖ്യമന്ത്രിമാരായ ശിവരാജ് സിംഗ് ചൗഹാൻ, മനോഹർ ലാൽ, സർബാനന്ദ് സോനോവാൾ എന്നിവരും BJP യിൽ നിന്ന് ക്യാബിനറ്റ് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു.

കർണാടക മുൻ മുഖ്യമന്ത്രിയും ജെഡി(എസ്) നേതാവുമായ എച്ച്.ഡി. കുമാരസ്വാമി, മുൻ ബിഹാർ മുഖ്യമന്ത്രിയും H.A.M പാർട്ടി അധ്യക്ഷനുമായ ജിതൻ റാം മാഞ്ചി, JDU വിലെ രാജീവ് രഞ്ജൻ സിംഗ്, TDP യിലെ കിഞ്ജരാപു റാം മോഹൻ നായിഡു, LJP രാംവിലാസ് വിഭാഗം അധ്യക്ഷൻ ചിരാഗ് പാസ്വാൻ എന്നിവരാണ് ക്യാബിനറ്റ് മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്ത മറ്റുള്ളവർ.

ബിജെപി നേതാക്കളായ റാവു ഇന്ദർജിത് സിംഗ്, ഡോ ജിതേന്ദ്ര സിംഗ്, അർജുൻ റാം മേഘ്‌വാൾ, ശിവസേനയുടെ പ്രതാപ് റാവു ജാദവ്, RLD മേധാവി ജയന്ത് ചൗധരി എന്നിവരാണ് സ്വതന്ത്ര ചുമതല വഹിക്കുന്ന സഹമന്ത്രിമാർ.

കേരളത്തിൽ നിന്ന് സുരേഷ് ഗോപിയും ജോർജ് കുര്യനും ഉൾപ്പെടെ 36 സഹമന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു.

അയൽരാജ്യങ്ങളിൽ നിന്ന് ഉൾപ്പെടെ നിരവധി നേതാക്കൾ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തു. ശ്രീലങ്കൻ പ്രസിഡന്റ് റനിൽ വിക്രമസിംഗെ, മാലദ്വീപ് പ്രസിഡന്റ് ഡോ. മുഹമ്മദ് മുയിസു, സീഷെൽസ് വൈസ് പ്രസിഡന്റ് അഹമ്മദ് അഫീഫ്, ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന, മൗറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് കുമാർ ജുഗ്നാഥ്, നേപ്പാൾ പ്രധാനമന്ത്രി പുഷ്പ കമാൽ ദഹൽ പ്രചണ്ഡ, ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ , ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, ചീഫ് ജസ്റ്റിസ് ഡോ.D.Y ചന്ദ്രചൂഡ്, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്ത അയൽ രാജ്യങ്ങളിലെ നേതാക്കൾക്കു രാഷ്ട്രപതി ദ്രൗപതി മുർമു വിരുന്ന് നൽകി.

പുതിയ ഗവൺമെന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങിനു ക്ഷണം സ്വീകരിച്ചതിനും ജനാധിപത്യത്തിന്റെ ഈ ആഘോഷത്തിൽ പങ്കാളികളായതിനും രാഷ്ട്രപതി, നേതാക്കൾക്ക് നന്ദി പറഞ്ഞു.

രാജ്യത്തെ ജനങ്ങളെ സേവിക്കുന്നതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിജയിക്കട്ടെയെന്നും രാഷ്ട്രപതി ആശംസിച്ചു.

✪✪✪

തന്റെ മൂന്നാം ടേമിലും മേഖലയുടെ സമാധാനത്തിനും പുരോഗതിക്കും സമൃദ്ധിക്കും വേണ്ടി ഇന്ത്യ പ്രവർത്തനം തുടരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. സത്യപ്രതിജ്ഞാ ചടങ്ങിന് ശേഷം ഇന്നലെ രാത്രി രാഷ്ട്രപതി ഭവനിൽ അയൽ രാജ്യങ്ങളിലെയും സമീപപ്രദേശങ്ങളിലെയും ഇന്ത്യൻ മഹാസമുദ്ര മേഖലയിലെയും നേതാക്കളുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു മോദി. സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുത്തതിന് മോദി അവർക്ക് നന്ദി പറഞ്ഞു.

✪✪✪

പുതിയ കേന്ദ്രമന്ത്രിസഭയുടെ ആദ്യയോഗം ഇന്ന് ചേർന്നേക്കും. വൈകിട്ട് യോഗം ചേരുമെന്നാണ് റിപ്പോർട്ട്.

✪✪✪

തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത നരേന്ദ്ര മോദിയെ വ്യവസായ സംഘടനകളായ ഫിക്കിയും അസോചവും അഭിനന്ദിച്ചു. കേന്ദ്രത്തിലെ സുസ്ഥിരമായ ഗവൺമെന്റ് സാമ്പത്തിക മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുമെന്ന് FICCI പറഞ്ഞു. സാമ്പത്തികവും സാമൂഹികവുമായ വികസനം പ്രോത്സാഹിപ്പിക്കുകയും 'വികസിത് ഭാരതിന് ശക്തമായ അടിത്തറ പണിയുകയും ചെയ്യുന്ന പുരോഗമന നയങ്ങളും നടപടികളും പ്രതീക്ഷിക്കുന്നതായി FICCI പ്രസിഡന്റ് ഡോ.അനീഷ് ഷാ പറഞ്ഞു.

മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകുന്നതിന് ദേശീയ ദൃഢനിശ്ചയം പ്രധാനമന്ത്രി നരേന്ദ്ര മോദി പുനരുജ്ജീവിപ്പിച്ചതായി അസോചം പ്രസിഡന്റ് പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ NDA ഗവൺമെന്റ് മൂന്നാംവട്ടം അധികാരത്തിലേറിയതിലും രണ്ട് കേന്ദ്രമന്ത്രിമാരെ കേരളത്തിന് ലഭിച്ചതിൽ ഇരട്ടിമധുരത്തിന്റെ ആവേശത്തിലാണ് സംസ്ഥാനത്തെ BJP

പ്രവർത്തകർ. ആഘോഷപ്രകടനം നടത്തിയും വർണം വിതറിയും മധുരംവിതരണം ചെയ്തും സത്യപ്രതിജ്ഞചടങ്ങിനെ നാടെങ്ങും അവർ ആഘോഷസന്ധ്യയാക്കി മാറ്റി.

✪✪✪

സിക്കിം മുഖ്യമന്ത്രിയായി സിക്കിം ക്രാന്തികാരി മോർച്ച നേതാവ് പ്രേം സിങ് തമാങ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഗാംഗ്ടോക്കിലെ പാൽജോർ സ്റ്റേഡിയത്തിൽ വൈകിട്ട് നാലിന് ഗവർണർ ലക്ഷ്മൺ പ്രസാദ് ആചാര്യ തമാങ്ങിനും മന്ത്രിമാർക്കും സത്യവാചകം ചൊല്ലിക്കൊടുക്കും. തമാംഗ് തുടർച്ചയായി രണ്ടാം തവണയാണ് സിക്കിം മുഖ്യമന്ത്രിയാകുന്നത് .

നിയമസഭയിലെ 32 ൽ 31 സീറ്റും നേടിയാണ് SKM വൻ ഭൂരിപക്ഷത്തോടെ അധികാരം നിലനിർത്തിയത്.

✪✪✪

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഇന്ന് ആരംഭിക്കും. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർഥനകൾ വിശദമായി ചർച്ച ചെയ്ത് പാസാക്കുന്നതിനാണ് പ്രധാനമായും സമ്മേളനം ചേരുന്നത്. അടുത്ത മാസം 25 വരെ 28 ദിവസം ചേരുന്ന സമ്മേളനത്തിൽ നാളെ മുതൽ ജൂലൈ 8 വരെ 13 ദിവസം ധനാഭ്യർഥനകൾ ചർച്ച ചെയ്ത് പാസാക്കുന്നതിനാണ് നീക്കിവച്ചിരിക്കുന്നത്.

ഇന്ന് രാവിലെ ചോദ്യോത്തരവേളയ്ക്കു ശേഷം മെമ്പേഴ്സ് ലോഞ്ചിൽ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ എടുക്കും. തുടർന്ന്, കേരള പഞ്ചായത്ത് രാജ് രണ്ടാം ഭേദഗതി ബില്ലും, കേരള മുനിസിപ്പാലിറ്റി രണ്ടാം ഭേദഗതി ബില്ലും അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് അയയ്ക്കും.

ലോക് സഭാ തെരഞ്ഞെടുപ്പിലെ മികച്ച വിജയത്തിന്റെ ആത്മ വിശ്വാസത്തിലാണ് പ്രതിപക്ഷം സഭയിലേക്കെത്തുന്നത്. ഗവൺമെന്റിനെതിരെ പ്രതിപക്ഷം നിലപാട് കടുപ്പിക്കുമെന്നതിനാൽ സമ്മേളം പ്രക്ഷുബ്ധമാകാനിടയുണ്ട്.

✪✪✪

ജമ്മു കശ്മീരിലെ റിയാസി ജില്ലയിൽ തെര്യത്ത് ഗ്രാമത്തിന് സമീപം ഭീകരാക്രമണത്തെ തുടർന്ന് ബസ് തോട്ടിലേക്ക് മറിഞ്ഞ് ഒമ്പത് തീർത്ഥാടകർ മരിച്ചു. 33 പേർക്ക് പരിക്കേറ്റു. ഇന്നലെ വൈകിട്ട് ശിവ് ഖോരി ഗുഹാക്ഷേത്രത്തിൽ നിന്ന് കത്രയിലേക്ക് മടങ്ങുകയായിരുന്ന ബസിന്റെ ഡ്രൈവർക്ക് വെടിയേറ്റതിനെത തുടർന്ന് വാഹനത്തിന്റെ നിയന്ത്രണം നഷ്ടപ്പെടുകയായിരുന്നുവെന്ന് പൊലീസ് അറിയിച്ചു.

ആക്രമണത്തെ കേന്ദ്രമന്ത്രി അമിത് ഷാ അപലപിച്ചു.

തീർത്ഥാടകർക്ക് നേരെയുണ്ടായ ആക്രമണം അങ്ങേയറ്റം അപലപനീയമാണെന്ന് കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

LDF സംസ്ഥാന സമിതിയോഗം ഇന്ന് വൈകിട്ട് തിരുവനന്തപുരം AKG സെന്ററിൽ ചേരും. ഒഴിവ് വരുന്ന രാജ്യസഭാസീറ്റുകളിൽ മുന്നണി സ്ഥാനാർത്ഥികളെ തീരുമാനിക്കാനാണ് യോഗം. സ്ഥാനാർത്ഥി നിർണയം സംബന്ധിച്ച് CPI, കേരള കോൺഗ്രസ് എം എന്നിവരുമായി മുഖ്യമന്ത്രിയും CPIM സംസ്ഥാന സെക്രട്ടറിയും ചർച്ച നടത്തിയിരുന്നു.

✪✪✪

മുസ്ലീം ലീഗ് നേതൃയോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. രാജ്യസഭാ തിരഞ്ഞെടുപ്പിൽ പാർട്ടി സ്ഥാനാർത്ഥിയെ തീരുമാനിക്കാനാണ് യോഗം.

✪✪✪

സംസ്ഥാനത്ത് ട്രോളിങ് നിരോധനം അർദ്ധരാത്രി നിലവിൽ വന്നു. രാത്രി 12ന് കൊല്ലം നീണ്ടകര പാലത്തിന്റെ തൂണുകളിൽ ഫിഷറീസ് അധികൃതർ ചങ്ങല ബന്ധിച്ചതോടെയാണ് ട്രോളിങ് നിരോധനം ആരംഭിച്ചത്. 52 ദിവസത്തെ നിരോധനം അടുത്തമാസം 31 ന് അർദ്ധരാത്രി അവസാനിക്കും.

സമുദ്രമത്സ്യങ്ങളുടെ പ്രജനന കാലത്ത് യന്ത്രവൽകൃത മത്സ്യബന്ധനം ഒഴിവാക്കി മത്സ്യസമ്പത്ത് സംരക്ഷിക്കണമെന്ന ലക്ഷ്യത്തോടെയാണ് 1989 മുതൽ ട്രോളിങ് നിരോധനം നടപ്പാക്കി വരുന്നത്. സംസ്ഥാനത്തെ മോട്ടോറൈസ്ഡ് മെക്കാനിക്കൽ വിഭാഗത്തിൽപ്പെട്ട 6,845 ബോട്ടുകൾക്ക് ഈ കാലയളവിൽ മത്സ്യബന്ധനത്തിന് അനുമതിയില്ല. നിരോധനകാലയളവിൽ ഇൻബോർഡ് വള്ളങ്ങളോടൊപ്പം ഒരു കാരിയർ വള്ളമേ അനുവദിക്കൂ.

✪✪✪

സംസ്ഥാനത്ത് നിന്ന് ഹജ്ജ് തീർത്ഥാടകരുടെ യാത്ര പൂർത്തിയായി. അവസാന തീർഥാടകസംഘം പുലർച്ചെ വിശുദ്ധമണ്ണിലേക്ക് യാത്രയായതോടെ സംസ്ഥാനത്തെ ഹജ്ജ് ക്യാമ്പുകളും സമാപിച്ചു. ചരിത്രത്തിലെ ഏറ്റവും വലിയ സംഘമാണ് ഇത്തവണ സംസ്ഥാനത്തുനിന്ന് ഹജ്ജിന് പോയത്. കണ്ണൂർ, കരിപ്പൂർ, കൊച്ചി വിമാനത്താവളങ്ങളിൽനിന്നായി 18,200 പേർ. ഇതിൽ 7408 പേർ പുരുഷൻമാരും 10,792 പേർ സ്ത്രീകളുമാണ്. രണ്ടുവയസ്സിനു താഴെയുള്ള ഒൻപത് കുഞ്ഞുങ്ങളുമുണ്ട്.

കണ്ണൂരിൽനിന്ന് പുലർച്ചെ അവസാന വിമാനത്തിൽ 156 പുരുഷൻമാരും 166 സ്ത്രീകളും ഉൾപ്പെടെ 322 പേർ ജിദ്ദയിലേക്ക് പോയി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.............(വോയ്സ്)..............

✪✪✪

അരങ്ങ് സർഗോത്സവങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ അയൽക്കൂട്ട വനിതകളുടെ സാംസ്കാരിക ശാക്തീകരണമാണ് കുടുംബശ്രീ ലക്ഷ്യമിടുന്നതെന്ന് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ കാസർകോട് ജില്ലയിലെ പിലിക്കോട് സംഘടിപ്പിച്ച അഞ്ചാമത് 'അരങ്ങ്-സർഗോത്സവത്തിന്റെ സമാപന സമ്മേളനം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ പാകിസ്ഥാനെ ഇന്ത്യ പരാജയപ്പെടുത്തി. ന്യൂയോർക്കിലെ നാസൗ കൗണ്ടി ഇന്റർനാഷണൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ പാകിസ്ഥാനെതിരെ ആറ് റൺസിന്റെ ത്രസിപ്പിക്കുന്ന ജയമാണ് ഇന്ത്യ നേടിയത്. ഒരുവേള കൈവിട്ടു പോയെന്നു കരുതിയ മത്സരം ഇന്ത്യൻ ബൗളർമാരാണ് തിരിച്ചു പിടിച്ചത്.

ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 19 ഓവറിൽ 119 റൺസിന് പുറത്തായി. 120 റൺസ് വിജയലക്ഷ്യം പിന്തുടർന്ന പാക്കിസ്ഥാന് നിശ്ചിത 20 ഓവറിൽ ഏഴു വിക്കറ്റ് നഷ്ടത്തിൽ 113 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ.

മൂന്ന് വിക്കറ്റ് വീഴ്ത്തിയ ജസ്പ്രീത് ബുംറയാണ് പ്ലെയർ ഓഫ് ദ മാച്ച്.

ആറ് റൺസ് ജയത്തോടെ ഇന്ത്യ സൂപ്പർ എട്ട് പ്രതീക്ഷകൾ സജീവമാക്കി. അതേ സമയം, കളിച്ച രണ്ട് മത്സരങ്ങളും തോറ്റ പാകിസ്താന്റെ നില പരുങ്ങലിലാണ്. രണ്ട് മത്സരങ്ങളും ജയിച്ച ഇന്ത്യ ഗ്രൂപ്പ് എയിൽ ഒന്നാമതെത്തി.

ഇന്ന് രാത്രി എട്ടിന് ന്യൂയോർക്കിൽ ഗ്രൂപ്പ് ഡിയിൽ ബംഗ്ലാദേശ് ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടും.

✪✪✪

ഫ്രഞ്ച് ഓപ്പൺ പുരുഷവിഭാഗം ടെന്നിസ് കിരീടം സ്പെയിനിന്റെ കാർലോസ് അൽകാരസിന്. അഞ്ചു സെറ്റ് നീണ്ട വാശിയേറിയ പോരാട്ടത്തിൽ ജർമ്മനിയുടെ അലക്സാണ്ടർ സ്വരേവിനെയാണ് ഫൈനലിൽ അൽക്കാരസ് തോൽപ്പിച്ചത്. ആദ്യമായാണ് താരം ഫ്രഞ്ച് ഓപ്പൺ നേടുന്നത്. ഇതോടെ മൂന്ന് ഗ്രാൻഡ്സ്ലാം കിരീടങ്ങളും നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമായി ഇരുപത്തൊന്നുകാരനായ അൽകാരസ് മാറി.

✪✪✪

വയനാട് പാർലമെന്റ് മണ്ഡലത്തിൽ നിന്ന് വീണ്ടും വിജയിപ്പിച്ച വോട്ടർമാരോട് നന്ദി പറയുവാൻ രാഹുൽ ഗാന്ധി മറ്റന്നാൾ വയനാട് പാർലമെന്റ് മണ്ഡലത്തിൽ എത്തുമെന്ന് UDF കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി ജനറൽ കൺവീനർ A.P അനിൽകുമാർ MLA അറിയിച്ചു.

പാർലമെന്റ് അംഗമായി തിരഞ്ഞെടുത്ത തിരഞ്ഞെടുപ്പ് കമ്മീഷന്റെ സർട്ടിഫിക്കറ്റ് അനിൽ കുമാർ ഡൽഹിയിൽ രാഹുൽ ഗാന്ധിക്ക് കൈമാറി.

✪✪✪

മഹാരാഷ്ട്രയ്ക്ക് മുകളിലെ ചക്രവാത ചുഴിയുടെ സ്വാധീനത്താൽ സംസ്ഥാനത്ത് ബുധനാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ കണക്കിലെടുത്ത് കണ്ണൂർ, കാസർക്കോട്, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു .കേരളതീരത്ത് അടുത്ത നാല് ദിവസം നാല്പത്തഞ്ചു മുതൽ അൻപത്തഞ്ചു കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും ഈ ദിവസങ്ങളിൽ മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്. കേരള - തമിഴ്നാട് തീരങ്ങളിൽ ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ട് .

✪✪✪